"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - ജനപ്രതിനിധി, ശ്രീ. കെ. സോമൻ എന്നയാളുടെചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1227/2025/LSGD തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:-

1. അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ 24.03.2025 തീയ്യതിയിൽ നടന്ന സാധാരണയോഗത്തിലെ 19(1) നം തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.04.2025 തീയതിയിലെ LSGD/PD/12370/2025-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - ജനപ്രതിനിധി, ശ്രീ. കെ. സോമൻ പട്ടം, കോസ്മോ പോളിട്ടൺ ഹോസ്പിറ്റലിൽ ഹൃദയ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കും ചെലവായ തുകയായ 2,08,107/-(രണ്ട് ലക്ഷത്തി എട്ടായിരത്തി ഒരുന്നൂറ്റി ഏഴ് രൂപ മാത്രം) രൂപ ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു.ശ്രീ. കെ. സോമൻ എന്നയാളുടെ ചികിത്സ നടത്തിയ ഇനത്തിൽ അനുവദനീയ തുകയുടെ 70% തുകയായ 145,674/-രൂപ (ഒരു ലക്ഷത്തി നല്പത്തഞ്ചായിരത്തി അറുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന്

അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/78/2025-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 21-05-2025 09:59:11
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.